മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ&ബി) ഉണ്ട്. 4-7-2015-ലെ സ.ഉ.(സാധാ) 532/15/മത്സ്യ നമ്പർ ഉത്തരവുപ്രകാരം 2 കോടി രൂപ വില വരുന്ന 3 മൈറൻ ആംബുലൻസുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ജീവൻരക്ഷാ ഉപകരണങ്ങൾ, ജി.പി.എസ്. ലിങ്ക്ഡ് ഡിജിറ്റൽ ക്യാമറ, വയർലസ്സ് സെറ്റ്, ബൈനോക്കുലർ, പോർട്ടബിൾ പബ്ലിക് അഡ്രസ്സ് സിസ്റ്റം, വാക്കി ടോക്കി, സ്കൂച്ചർ, ലാഡർ, പ്ലാസ്റ്റിക് റോപ്പ്, ഓക്സിജൻ സിലിണ്ടർ, ഫസ്റ്റ് എയ്ഡ് ബോക്സ്, ഫയർ എക്സ്റ്റിൻക്യൂഷർ, മെഡിക്കൽ കിറ്റ് തുടങ്ങിയ ആവശ്യമായ പാരാമെഡിക്കൽ സ്റ്റാഫും ട്രെയിനിംഗ് നൽകിയ സീ റെസ്ക്യൂ ഗാർഡും ഒരു മൈറൻ ആംബുലൻസിൽ ഉണ്ടായിരിക്കും.

സർക്കാരിന്റെ സമയബന്ധിത പദ്ധതികൾ

7 (*307) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ശേഷിക്കുന്ന കാലയളവിൽ നടപ്പിലാക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള സമയബന്ധിത പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ മേഖലകളുടെ വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഈ സർക്കാരിന്റെ ശേഷിച്ച കാലയളവിൽ നടപ്പിലാക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) കേരള ജനതയുടെയും സംസ്ഥാനത്തിന്റെയും സമസ്ത മേഖലകളുടെ സമഗ്രമായ വികസനമാണ് ടി പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly